# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4093 — 12.12.2018-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, സിവിൽ സപ്ലൈസും<br>വകുപ്പ് മന്ത്രി |

**ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട അഴിമതി കേസുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| (എ) 2011-16 കാലയളവിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട എത്ര അഴിമതി കേസുകൾ അന്വേഷണത്തിലുണ്ട്; വിശദവിവരം നൽകുമോ; | (എ) 10 വിജിലൻസ് കേസുകളും റേഷൻ മൊത്ത /ചില്ലറ വ്യാപാരികൾക്കെതിരായി 34 കേസുകളും നിലവിലുണ്ട്. വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഏതെങ്കിലും കേസ്സുകളുടെ അന്വേഷണം പൂർത്തീകരിച്ച് തുടർ നടപടികൾക്കായി വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ? | (ബി) വകുപ്പിലെ എൽ.ഡി. ക്ലാർക്കായ ശ്രീ.കെ. ഇബ്രാഹിമിനെതിരെ VC 7/01/KKD പ്രകാരം വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ക്രിമിനൽ കേസ് 43/04 പ്രകാരം വിചാരണ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ രണ്ടു വർഷം കഠിന തടവിനും 40,000/- രൂപ പിഴ ഒടുക്കുവാനും കോഴിക്കോട് വിജിലൻസ് & എൻക്വയറി കമ്മീഷണർ സ്പെഷ്യൽ ജഡ്ജ് വിധിച്ചിരുന്നു. ശ്രീ.ടോജി സെബാസ്റ്റ്യൻ, ഹെഡ് ക്ലാർക്കിനെതിരെ CC-02/2009 നമ്പർ ക്രിമിനൽ കേസിലെ വിധി പ്രകാരം സ്പെഷ്യൽ ജഡ്ജ് (സി.ബി.ഐ) എറണാകുളം, അഴിമതി നിരോധന നിയമം- 1988 സെക്ഷൻ 7 പ്രകാരം ഒരു വർഷം കഠിന തടവിനും 20,000/- രൂപ പിഴ ഒടുക്കുവാനും വിധിച്ചിരുന്നു. ഇരുവർക്കുമെതിരെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) 1960 ചട്ടം 18 പ്രകാരമുള്ള തുടർ അച്ചടക്ക നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു.<br><br>റേഷൻ വ്യാപാരികൾക്കെതിരായ കേസുകളിൽ അന്വേഷണം തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| നം. | വിജിലൻസ് കേസ് നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | വി.സി.02/14 കെ.റ്റി.എം<br>ശ്രീ.ജി.രതീഷ് കുമാർ | സപ്ലൈകോ ചിങ്ങവനം മാവേലി സ്റ്റോറിലെ 2008-12 കാലയളവിലെ ക്രമക്കേടുകൾ. 20/09/14-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു | അന്വേഷണം പൂർത്തിയായിട്ടില്ല. |
| 2 | വി.സി.05/14 ഇ.കെ.എം<br>ശ്രീ.ചന്ദ്രശേഖരൻ,<br>ശ്രീമതി.സി.ബി.ഉഷാകുമാരി | എറണാകുളം ജില്ല റേഷൻ വിതരണ ക്രമക്കേടുകൾ 11/09/14-ൽ കേസ് രജിസ്റ്റർ ചെയ്തു. | തുടർനടപടികൾ അവസാനിപ്പിച്ചു |
| 3 | വി.സി.03/15 എസ്.സി.ഇ<br>ശ്രീ.റ്റി.എ.ജോണി,<br>ശ്രീമതി.ബിസി ജോസ് | എറണാകുളം ജില്ല റേഷൻ വിതരണ ക്രമക്കേടുകൾ 13/05/15-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു | അന്വേഷണം പൂർത്തിയായിട്ടില്ല. |
| 4 | വി.സി. 01/2016 കെ.റ്റി.എം<br>ശ്രീമതി.സൗമ്യ.സി.കെ | കോട്ടയം, പാലാ ഡിപ്പോ സപ്ലൈകോ മാവേലി സ്റ്റോറിലെ 2013/15 കാലയളവിലെ ക്രമക്കേടുകൾ 12/05/15-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു. | അന്വേഷണം പൂർത്തിയാക്കി കോടതിയിലേക്ക് മാറ്റി |
| 5 | വി.സി.08/2013/റ്റി.വി.എം<br>ശ്രീ.ഡി.ദേവപ്രസാദ്<br>(ജില്ലാ സപ്ലൈ ഓഫീസർ വിരമിച്ചു) | നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ഓഫീസിൽ 01/10/13-ൽ വിജിലൻസ് നടത്തിയ പരിശോധനയിൽ താലൂക്ക് സപ്ലൈ ഓഫീസറായിരുന്ന ശ്രീ.ഡി. ദേവപ്രസാദിൽ നിന്നും 27500/- രൂപ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് | ടി കേസ് ഇപ്പോഴും വിചാരണയിലാണ് |
| 6 | വി.സി.02/14/എസ്.ഐ.യു-1<br><br>ശ്രീ.പി.എസ്.പ്രസന്നകുമാർ<br>(വിരമിച്ചു) | തിരുവനന്തപുരം നോർത്ത് സിറ്റി റേഷനിംഗ് ഓഫീസിൽ 25/09/14-ൽ വിജിലൻസിന്റെ മിന്നൽ പരിശോധനയിൽ കൈക്കൂലി വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേട് | കേസ് വിചാരണയിലാണ് |
| 7 | വി.സി.12/15/ALP<br>ശ്രീമതി.എൽ.സരസ്വതി,<br>റ്റി.രാമചന്ദ്രൻ, വി.സുരേഷ്, പി.രാജു | ചേർത്തല താലൂക്ക് സപ്ലൈ ഓഫീസ് റേഷൻ അരി തിരിമറി 31/05/15-ൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു | അന്വേഷണം അവസാന ഘട്ടത്തിലാണ് |
| 8 | വി.സി.02/2015/TSR<br>കെ.കെ.സാബു<br>(റേഷനിംഗ് ഇൻസ്പെക്ടർ)<br>മുഹമ്മദ് റാഫി,TSO വിരമിച്ചു | തൃശ്ശൂർ ജില്ലയിലെ സപ്ലൈകോ പൂത്തോൾ സബ് ഡിപ്പോയിൽ 26/09/13-ൽ നടന്ന വിജിലൻസ് പരിശോധന 1816825/- രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയതായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം വിജിലൻസ് കേസ് ചാർജ്ജ് ചെയ്തു. | നടപടികൾ നടന്നു വരുന്നു. |
| 9 | വി.സി.07/16/KLM<br>വി.പത്മകുമാർ<br>റേഷനിംഗ് ഇൻസ്പെക്ടർ | കൊല്ലം സപ്ലൈകോ സബ് ഡിപ്പോയിൽ 01/04/12 മുതൽ 31/03/13 വരെയുള്ള കാലയളവിൽ 14,68,695/- രൂപയുടെ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തി | അന്വേഷണം നടന്നു വരുന്നു. |

| | | | |
|---|---|---|---|
| 10 | വി.സി.05/12/MPM<br>ശ്രീ.സാജു സാം ചാക്കോ | സപ്ലൈകോ മുണ്ടുപറമ്പ് മാവേലി സ്റ്റോറിലെ 01/04/10 - 27/12/11 കാലയളവിലെ ക്രമക്കേടുകൾ | 8,32,314/- രൂപയുടെ ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം പൂർത്തിയാക്കി കോടതി വിചാരണ തുടർന്നു വരുന്നു. |

II. റേഷൻ മൊത്ത ചില്ലറ വ്യാപാരികൾക്കെതിരായുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 0 |
| കൊല്ലം | - | 5 |
| പത്തനംതിട്ട | - | 0 |
| ആലപ്പുഴ | - | 0 |
| കോട്ടയം | - | 1 |
| എറണാകുളം | - | 5 |
| ഇടുക്കി | - | 1 |
| തൃശ്ശൂർ | - | 7 |
| പാലക്കാട് | - | 0 |
| മലപ്പുറം | - | 2 |
| കോഴിക്കോട് | - | 11 |
| വയനാട് | - | 0 |
| കണ്ണൂർ | - | 0 |
| കാസർഗോഡ് | - | 2 |

സെക്ഷൻ ഓഫീസർ